**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **16-09-2025 - ൽ മറുപടിയ്ക്ക്**

**വെൺപകൽ ആശുപത്രിയിലെ നിർമ്മാണ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ പുതിയ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത കെ.എം.എസ്.സി.എൽ. പ്രവർത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (എ) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ പുതിയ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിൽ പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറൽ വർക്കുകൾ, റൂഫിംഗ് ഷീറ്റ് വർക്കുകൾ, ഇ.പി.എസ് വാൾ പാനൽ വർക്കുകൾ എന്നിവ ഉൾപ്പെടെ ആകെ 58% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാർ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് എന്ന ഏജൻസിയ്ക്ക് കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഉപാധികളോടെ ഏജൻസിയുടെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ